സ.ഉ.(കൈ) നം.283/2023/H&FWD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-ഡ്രഗ്സ് കൺട്രോൾ വകുപ്പ്- തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ആരോഗ്യ കുടുംബക്ഷേമ(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.283/2023/H&FWD തീയതി,തിരുവനന്തപുരം, 13-10-2023

പരാമർശം:- ഡ്രഗ്സ് കൺട്രോളറുടെ 26/04/2022, 01/09/2022 തീയതികളിലെ എസി4. 16393/2018/ഡിസി നമ്പർ കത്തുകൾ

**ഉത്തരവ്**

തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 6 സെക്ഷനുകൾ കൂടി സുഗമമായി പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉൾപ്പെടെ എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ടെന്നും, NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനു കൃത്യമായ തസ്തിക വിന്യാസം ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും കാണിച്ച്, തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശ പ്രകാരം ഡ്രഗ്സ് കൺട്രോളർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലെ തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് താഴെപ്പറയുന്ന തസ്തികകൾ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 01 | 95600-153200 |
| 2 | അനലിസ്റ്റ് ഗ്രേഡ്-I | 01 | 63700-123700 |
| 3 | അനലിസ്റ്റ് ഗ്രേഡ്-II | 01 | 59300-120900 |
| 4 | അനലിസ്റ്റ് ഗ്രേഡ്-III | 01 | 55200-115300 |
| 5 | സയന്റിഫിക് അസിസ്റ്റന്റ് | 01 | 39300-83000 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 01 | 35600-75400 |
| 7 | ലോവർ ഡിവിഷൻ ടെക്നീഷ്യൻ | 03 | 26500-60700 |
| | ആകെ | 09 | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം

ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം

ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം

ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തൃശ്ശൂർ

ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, കോന്നി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(18/05/2023 തീയതിയിലെ 2110524 HLT-B1/102/2022-FIN നമ്പർ അഭിപ്രായക്കുറിപ്പ്

പ്രകാരം)

പൊതുഭരണ (എസ്.സി )വകുപ്പിന്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(എഫ്1/109/2022-ആരോഗ്യം നമ്പർ ഫയലിലേയ്ക്ക്)

ഉത്തരവിൻ പ്രകാരം

Signed by

Vilasini K V

സെക്ഷൻ ഓഫീസർ

Date: 13-10-2023 15:21:20

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-10-2023

ഫയൽ നം. എഫ്1/109/2022/ആരോഗ്യം. ഇനം നം: 1817

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - തൃശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

12/10/23

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

12/10/23

1817

## കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | എഫ്1/109/2022-ആരോഗ്യം |
| 2. വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് |
| 3. വിഷയം | : | തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ തസ്തികകൾ സൃഷ്ടിക്കുന്നത് -സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15/09/2023 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനവകുപ്പമായി ആലോചിച്ചിട്ടുണ്ടോ ; | : | ഉണ്ട് |
| ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സുഭാഷ്.ആർ |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/09/2023 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30/09/2023 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04/10/2023 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05/10/2023 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലെ തൃശൂർ ജില്ലയിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. പൊതുജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ മരുന്നുകളുടെ ഗുണനിലവാര സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 2018-ൽ പ്രവർത്തനസജ്ജമാക്കിയിട്ടുള്ള തൃശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് നാളിതുവരേയ്ക്കും 25 തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രതിവർഷം 5000 സാമ്പിളുകൾ പരിശോധന നടത്തുക എന്ന ലക്ഷ്യത്തോടെ തൃശൂരിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ അപര്യാപ്തത നിമിത്തം പ്രതിവർഷം 1500 സാമ്പിളുകൾ മാത്രമാണ് ടെസ്റ്റ് ചെയ്യുവാൻ സാധിക്കുന്നത്. നിലവിൽ ടി ലബോറട്ടറിയിൽ 3 സെക്ഷനുകൾ മാത്രമാണ് പ്രവർത്തിച്ചു വരുന്നത്. 6 സെക്ഷനുകൾ കൂടി സുഗമമായി പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉൾപ്പെടെ എല്ലാ സജ്ജീകരണങ്ങളും ഈ ലബോറട്ടറിയിൽ പൂർത്തിയായിട്ടുണ്ട്. NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനു കൃത്യമായ തസ്തിക വിന്യാസം ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മേൽ സാഹചര്യത്തിൽ തൃശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 6 സെക്ഷനുകൾ കൂടി പ്രവർത്തിപ്പിക്കുന്നതിന്, താഴെപ്പറഞ്ഞിരിക്കുന്ന തസ്തികകൾ അനുവദിക്കണമെന്നു ഡ്രഗ്സ് കൺട്രോളർ ശിപാർശ ചെയ്തിരുന്നു.

## സാങ്കേതിക വിഭാഗം

| ക്രമ.നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 01 |
| 2 | അനലിസ്റ്റ് ഗ്രേഡ് I | 01 |
| 3 | അനലിസ്റ്റ് ഗ്രേഡ് II | 03 |
| 4 | അനലിസ്റ്റ് ഗ്രേഡ് III | 09 |
| 5 | സയന്റിഫിക് അസിസ്റ്റന്റ് | 01 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 02 |

| | | |
|---|---|---|
| 7 | ടെക്നിക്കൽ സ്റ്റോർ കീപ്പർ | 01 |
| 8 | ലോവർ ഡിവിഷൻ ടെക്നീഷ്യൻ | 03 |
| 9 | ലബോറട്ടറി അറ്റൻഡർ | 01 |
| | **ആകെ** | **22** |

<u>മിനിസ്റ്റീരിയൽ വിഭാഗം</u>

| ക്രമ.നം | തസ്തിക | എണ്ണം |
|---|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 01 |
| 2 | ജൂനിയർ സൂപ്രണ്ട് | 01 |
| 3 | ഹെഡ് ക്ലാർക്ക്/സ്റ്റോർ സൂപ്രണ്ട് | 01 |
| 4 | ക്ലാർക്ക് | 03 |
| 5 | സാമ്പിൾ വാർഡൻ/സീനിയർ ക്ലാർക്ക് | 01 |
| 6 | ടൈപ്പിസ്റ്റ് | 01 |
| 7 | നൈറ്റ് വാച്ചർ | 01 |
| 8 | പാർട്ട് ടൈം സ്വീപ്പർ/ക്ലീനർ | 01 |
| | **ആകെ** | **10** |

3. മേൽ വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു;

**'ചുവടെ പറയുന്ന തസ്തികകൾ സാങ്കേതിക വിഭാഗത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകുന്നതോടൊപ്പം മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന 10 തസ്തികകൾ പുനഃവിന്യാസത്തിലൂടെ കണ്ടെത്താനും ആവശ്യപ്പെടുന്നു:**

| ക്രമ.നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 01 |
| 2 | അനലിസ്റ്റ് ഗ്രേഡ് I | 01 |

| | | |
|---|---|---|
| 3 | അനലിസ്റ്റ് ഗ്രേഡ് II | 01 |
| 4 | അനലിസ്റ്റ് ഗ്രേഡ് III | 01 |
| 5 | സയന്റിഫിക് അസിസ്റ്റന്റ് | 01 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 01 |
| 7 | ലോവർ ഡിവിഷൻ ടെക്നീഷ്യൻ | 03 |
| | **ആകെ** | **09** |

**ആകെ – 9 തസ്തികകൾ**

**ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്. '**

4. ധനവകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു.

**തീരുമാനിക്കേണ്ട വിഷയം**

ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലെ തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരമുള്ള 9 തസ്തികകൾ സൃഷ്ടിക്കാമോ?

അനുബന്ധം

| Sl.No. | Name of Post | No. of post | Pay Scale |
|---|---|---|---|
| 1 | Chief Government Analyst | 01 | 95600-153200 |
| 2 | Analyst Gr I | 01 | 63700-123700 |
| 3 | Analyst Gr II | 01 | 59300-120900 |
| 4 | Analyst Gr III | 01 | 55200-115300 |
| 5 | Scientific Assistant | 01 | 39300-83000 |
| 6 | Technical Assistant | 01 | 35600-75400 |
| 7 | Lower Division Technician | 03 | 26500-60700 |
| | **Total** | **09** | |

Total Annual Financial Committment: Rs.5,498,088/-